സ്ഥലമാണ് ഇതു്. ആ സ്ഥലം സീവാൾ കെട്ടിയോ ഗ്രോയിൻസുകൾ ഇട്ടോ ആവശ്യമായിട്ടുള്ള സംരക്ഷണനടപടികൾ എടുത്തില്ലെങ്കിൽ അവിടെ വലിയ നാശങ്ങൾ ഉണ്ടാകും; എന്നു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും ഗവണ്മെൻറിലേക്കു റിപ്പോർട്ട അയച്ചിട്ടുണ്ടെന്നു അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ വർഷംതന്നെ ആ സ്ഥലം കടലിൻെറ ആക്രമണത്തിൽനിന്നു രക്ഷിക്കണം.

അതുപോലെതന്നെ അവിടെ വേനരഹിതരായിട്ടുള്ളവർക്കു് താമസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതും അത്യാവശ്യമാണു്. വൈപ്പിൻകരയിൽ പത്തിരുപതു കുടുംബങ്ങളെ കുടിയിരുത്തുക എന്നുള്ളതു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്. അതുകൊണ്ടു് ആ സാധുക്കൾക്കു കുടിപാർപ്പിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അതുപോലെ അവർക്കു സൗജന്യ റേഷനും അനുവദിക്കണം എന്നുമുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. പി. പി. ഉമ്മർകോയ : സർ, ഈ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഈ കഴിഞ്ഞ കുറച്ചു ആഴ്ചകളായി എളംകുന്നപ്പുഴ എന്ന സ്ഥലത്തു കടലാക്രമണം ഉണ്ടായിട്ടുണ്ടു്. അതിൻെറ ഫലമായി കുറെ അധികം നാളീകേരവൃക്ഷങ്ങൾ കടപുഴകി, കുറച്ചു വീടുകൾ പൊളിച്ചു മാറ്റേണ്ടതായും വന്നു. അവിടം ഒരു താണ പ്രദേശമായതുകൊണ്ടു് കടൽവെള്ളം കയറി കുറെയധികം നാശനഷ്ടങ്ങൾ ഉണ്ടാക്കി. എൻജിനീയർമാർ സ്ഥലം പരിശോധിക്കുകയും അതിനാവശ്യമായ പരിഹാരനടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. അവിടെ പെർമനൻറായിട്ടുള്ള രക്ഷാനടപടികൾ ആവശ്യമാണു്. ഒരു ആയിരം അടി നീളത്തിൽ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ എസ്റ്റിമേറു് അവർ തയാറാക്കീട്ടുണ്ടു്. അതു് കഴിയുന്നതും വേഗത്തിൽ അനുവദിച്ചു അതിനുള്ള നടപടികൾ എടുക്കുന്നതായിരിക്കും. അവിടെ ഈ ദുരിതം അനുഭവിക്കുന്ന ആളുകൾക്കു് ദുരിതാശ്വാസ നടപടികൾ എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമെങ്കിൽ അതു ചെയ്യുന്നതാണു്. അതിനു ജില്ലാകളക്ടർക്കു് നിർദ്ദേശം കൊടുക്കുന്നതുമായിരിക്കും.

Non-Payment of grants to Libraries

Mr. Speaker : A reply is due from the hon. Chief Minister to an earlier Rule 61 notion by Smt. Kusumom. I call upon the Chief Minister to give the reply.

ശ്രീ. ആർ. ശങ്കർ : സർ, ഗ്രന്ഥശാലകൾക്കു് സമയത്തിനു ഗ്രാൻറു കൊടുക്കുന്നില്ലാ എന്നുള്ളതായിരുന്നു ആക്ഷേപം. 1962–63 വർഷത്തിൽ 70 ലൈബ്രറികൾക്കു് ഇനിയും ഗ്രാൻറു് കൊടുത്തിട്ടില്ലാ എന്നു പ്രസ്താവിക്കുകയുണ്ടായി. സർ, 1962–63–ൽ 1033 ലൈബ്രറികൾക്കു് ഗ്രാൻറു കൊടുക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ ബാക്കിയുള്ളവയെ സംബന്ധിച്ചിടത്തോളം വളരെ വൈകി മാത്രം റെക്കമെൻേറഷൻസു കിട്ടിയതുകൊണ്ടു് അതു കൊടുക്കാൻ സാധിച്ചിട്ടില്ല. അധികം ലൈബ്രറികളെ സംബന്ധിക്കുന്ന റെക്കമെൻേറഷൻസു ഈ നടപ്പു സാമ്പത്തികവർഷത്തിൽ ലഭിക്കുകയുണ്ടായി. അങ്ങനെ ഒരു 1269 ലൈബ്രറികളെ സംബന്ധിച്ചുള്ള റെക്കമെൻേറഷൻ തുടർന്നു കിട്ടിയ പ്രകാരം അതിൽ 1242 എണ്ണത്തിൻെറ ശുപാർശകൾ അയച്ചു. ബാക്കി 27 എണ്ണത്തിനു ശുപാർശകൾ അപ്പോഴത്തതുകൊണ്ടു് കൊടുത്തിട്ടില്ല. ശുപാർശ അയച്ചവർക്കു കൊടുത്തിട്ടുണ്ടു്. എന്നാൽ ഈ 27 ലൈബ്രറികൾ ഗ്രാൻറിനെ സംബന്ധിച്ചുള്ള റൂൾസുകൾക്കു് വിധേയമായി പ്രവർത്തിച്ചില്ലാ എന്നുള്ളതാണു് കാരണം. അങ്ങനെ അതിനു ഗ്രാൻറു കൊടുക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു കൊടുക്കാത്തതാണു്. അങ്ങനെ 2300–ഓളം ലൈബ്രറികൾക്കു് ഗ്രാൻറു കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. അക്കൂട്ടത്തിൽ 27 ലൈബ്രറികളുടെ ഗ്രാൻറു തടയപ്പെട്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

സർ, ഈക്കൊല്ലം വളരെ നേരത്തെതന്നെ ഈ ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് കൊടുക്കുന്നതിനെ സംബന്ധിടത്തോളം ഈ ഗ്രഡേഷൻ കമ്മറിറികളെ നേരത്തെ നിയമിച്ചിരുന്നു. കഴിഞ്ഞ കൊല്ലങ്ങളെപ്പോലെ സംസ്ഥാനത്തെക്ക മുഴവൻ ഒരു ഒറിക്കമ്മറിയല്ല നിയമിച്ചത്. സംസ്ഥാനത്തെ മൂന്നു റീജിയണായി വിഭജിച്ചു ഓരോ റീജയണും ഓരോ കമ്മിറിയെവച്ചു. ആ കമ്മറിയിലെ ആ കമ്മറിയിലെ അംഗങ്ങൾ അവിടത്തെ സോഷ്യൽ എഡ്യൂക്കേഷൻ ആഫീസറും, സ്ഥലത്തെ എം. എൽ. എ. യും, ഗ്രന്ഥശാലാസംഘത്തിൻറെ ഒരു പ്രതിനിധിയും അങ്ങനെ മൂന്നുപേരാണ്. ഈ കമ്മറിറികൾ പരിശോധിച്ച റിപ്പോർട്ട് അയക്കുന്നതു പരിശോധിക്കാൻ അവസരം വേണമെന്നു അവരെ അറിയിച്ചിട്ടുണ്ടായിരുന്നു. മൂന്നു റീജിയണുകളും ആയി വിഭജിച്ചെങ്കിലും ഒരു റീജിയണിലെ റിപ്പോർട്ടുമാത്രമേ കിട്ടിയുള്ളു.

അകെയുള്ള മൂവായിരം ലൈബ്രറികളിൽ, എഴുന്നൂറോ, എണ്ണൂറോ ലൈബ്രറികളുടെ കാര്യമേ പരിഗണനയ്ക്കു വന്നിട്ടുള്ളു. അവ പരിശോധിച്ചു ഗ്രാൻറു കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ ആണ്ടിൽതന്നെ ഗ്രാൻറു കൊടുത്തു തീർക്കണമെന്നു മനപ്പൂർവ്വം വിചാരിക്കുകയാണു്. അതു കിട്ടിയിട്ടു കുറച്ചു ദിവസമേ ആയിട്ടുള്ളു. ആണ്ടവസാനിക്കാറായിരിക്കുന്നു. ഡിപ്പാർട്ടുമെൻറിലെ പരിശോധന കഴിഞ്ഞിട്ട്, ഫൈനാൻസിലെ പരിശോധനയിൽ ഇരിക്കുകയാണു്. ഏതാനും ദിവസങ്ങൾക്കകം ഗ്രാൻറു കൊടുക്കുന്നതിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണു്. ബാക്കിയുള്ളവയെപ്പറ്റി റിപ്പോർട്ടതന്നെ ഇതുവരെ കിട്ടിയിട്ടില്ല. അതു് ഗവണ്മെൻറിൻറെയോ, ഡിപ്പാർട്ടുമെൻറിൻറെയോ തകരാറു കൊണ്ടല്ല. റിപ്പോർട്ടുകൾ കിട്ടാതെ ഗ്രാൻറു കൊടുക്കാൻ നിവൃത്തിയില്ല. ഓരോ ലൈബ്രറിയിലും 600 പുസ്തകങ്ങൾ ഉണ്ടായിരിക്കണമെന്നും, 100 ആളുകൾക്കെങ്കിലും പുസ്തകം വിതരണം ചെയ്തിരിക്കണമെന്നും വ്യവസ്ഥയുണ്ട്. തലേക്കൊല്ലം വാങ്ങിയ ഗ്രാൻറിൻറെ 75 ശതമാനം പുസ്തകങ്ങൾ വാങ്ങാൻ വിനിയോഗിച്ചിരിക്കണമെന്നും, 25 ശതമാനം ഗ്രന്ഥശാലാകമ്മിറിയുടെ അനുവാദത്തോടുകൂടി മറു കാര്യങ്ങൾക്കായി വിനിയോഗിച്ചിരിക്കണമെന്നും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറു ഹാജരാക്കണമെന്നും പ്രത്യേകം വ്യവസ്ഥയുണ്ട്. അതൊന്നും സമയത്തിനു് കൊടുക്കുന്നില്ലെങ്കിൽ അങ്ങനെയുള്ളവർക്കു് സമയത്തിനു് ഗ്രാൻറു കിട്ടാൻ സാധ്യമല്ല. സർ, ഒരു കാര്യം ഞാൻ പറയാം. എനിക്കു വളരെ നിർബ്ബന്ധമുണ്ടായിരുന്നു, കഴിഞ്ഞകൊല്ലവും, ഈ കൊല്ലവും ഗ്രാൻറു ആതാതു വർഷത്തിൽതന്നെ കൊടുത്തു തീർക്കണമെന്നു്. അതിനുവേണ്ടി ഇന്ന സമയത്തു് കമ്മിറിറി റിപ്പോർട്ടു സമർപ്പിക്കണം, ഇന്ന സമയത്തു് ഡയറക്ടറേറ്റ് സ്ക്രൂട്ടിനി നടത്തണം, ഇന്ന സമയത്തു് വല്ല കമ്പംജക്ഷനും ഉണ്ടെങ്കിൽ അതു ഫിനാൻസു ഡിപ്പാർട്ടുമെൻറു് പരിഹരിക്കണം, അങ്ങനെ നിശ്ചിതസമയത്തിനു എല്ലാ ഗ്രന്ഥശാലകൾക്കും ഗ്രാൻറു നൽകണം എന്നൊരു പരിപാടി സ്വീകരിച്ചു് ആവശ്യമായ നിർദ്ദേശം എല്ലാവർക്കും നൽകിയിരുന്നതാണു്. ആ കണക്കനുസരിച്ചു് എല്ലാ Stage ലും നടത്തിയിരുന്നെങ്കിൽ ഗ്രാൻറു് മുഴവൻ കൊടുത്തു തീർക്കാൻ സാധിക്കുമായിരുന്നു. നിർഭാഗ്യവശാൽ, ഗവണ്മെൻറു് നിർദ്ദേശിച്ച തീയതികളും ആവശ്യമായ നടപടികളും ഒന്നും നടന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഗ്രഡേഷൻ കമ്മിറിറിയുടെ പരിശോധനയും ഡി. ഈ. ഓ യുടെ റിപ്പോർട്ടും കിട്ടിയാൽ അതിന്മേൽ വീണ്ടും ഒരു പരിശോധന നടത്തുന്നതു കൊണ്ടല്ലേ ഈ കാലതാമസം വരുന്നതു് ?

ശ്രീ. ആർ. ശങ്കർ : കമ്മറിയുടെ പരിശോധന കഴിഞ്ഞാലും, ഡിപ്പാർട്ടുമെൻറിൽനിന്നു ഒരു പരിശോധനകൂടി നടത്തിയാൽ മാത്രമേ ഗ്രാൻറു നൽകാൻ പാടുള്ളു എന്നാണു് വ്യവസ്ഥ. നേരത്തെ റിപ്പോർട്ടു അയച്ചിരുന്നെങ്കിൽ തക്ക സമയത്തു് എല്ലാ ലൈബ്രറികൾക്കും ഗ്രാൻറു നൽകാൻ സാധിക്കുമായിരുന്നു. കഴിഞ്ഞ വർഷം ആയിരം ലൈബ്രറികൾക്കു് ഗ്രാൻറു കൊടുക്കാൻ സാധിച്ചിരുന്നു. ഈ വർഷം വൈകി ശ്രദ്ധിക്കുവാർശ വന്നിട്ടുള്ളതുതന്നെ ആയിരത്തിനു താഴെ ലൈബ്രറികൾക്കു് ഗ്രാൻറു നൽകുന്നതിനാണു്. ഈ കാര്യത്തിൽ ഗവണ്മെൻറു് ഒരു അനാസ്ഥയും കാണിച്ചിട്ടില്ല. ഇതുമായി സഹകരിച്ചു പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കെന്നവരെല്ലാം കൂടുതൽ ഊർജ്ജിതമായി പ്രവർത്തിച്ചാൽ മേലാലെങ്കിലും ഈ വൈഷമ്യം വരാതെ ശ്രദ്ധിക്കാൻ കഴിയുമെന്നു മാത്രമേ ഇപ്പോഴും പറയാൻ നിവൃത്തിയുള്ളൂ.

Disbursement of Stipends to children of goldsmiths.

Mr. Speaker: A reply is due from the hon. Minister for Transport and Labour to an earlier Rule 61 notice of Shri P.Ravindran I call upon the hon. Minister to give the reply.

ശ്രീ. കെ. ടി. അച്യുതൻ : സർ സ്വർണ്ണത്തൊഴിലാളികളുടെ മക്കൾക്കു് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ പഠിക്കുമ്പോൾ സ്റ്റൈപ്പെൻറ് കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു് ശ്രീ. രവീന്ദ്രൻ ഇവിടെ പറഞ്ഞതു്. 151 വിദ്യാർത്ഥികൾ ഇത്തരം വിദ്യാലയങ്ങളിൽ ട്രെയിനിംഗ് നടത്തുന്നുണ്ടു്. അവർക്കു് എത്രയും വേഗം സ്റ്റൈപ്പെൻറ് നൽകുന്നതിനുള്ള ഉത്തരവായിട്ടുണ്ടു്. താമസം കൂടാതെ അതു നൽകുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

PAPERS LAID ON THE TABLE

Chief Minister (**Shri R. Sankar**): Sir, I lay on the Table a copy of the Audit Report on the Accounts of the Kerala State Electricity Board for the year 1960-61 as required under sub-section 5 (a) of Section 69 of the Electricity (Supply) Act, 1948 (Central Act 54 of 1948).

FINANCIAL BUSINESS

Voting on Demands for grants in the Budget for **1964-65** (concluded)

Demand XXXIX—Forest

Demand LI—Capital Outlay on Forests

Minister for Public Health (**Shri M. P. Govindan Nair**): Sir, I move that Government be granted a sum of Rs. 1,37,79,900 under Demand XXXIX—Forest.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I move that Government be granted a sum of Rs. 27,87,800 under demand LI—Capital Outlay on Forests.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

Mr. Speaker : The following cut motions may be moved.

Cut motion Nos. 3, 4, and 5, under Demand No. XXXIX—Forest, may be moved by M/s. P. M. Kunhiraman Nambiar, K. Hassan Gani and M. M. Sundaram respectively.

Cut motion No. 1, under Demand No. LI—Capital outlay on Forest, may be moved by Shri K. Moideenkuty Haji.

Shri P. M. Kunhiraman Nambiar : I move, 'to reduce the allotment of Rs. 1.37,79,900 under Demand XXXIX—Forest by Rs. 100'.

LIBRARY ARCHIVES Kerala Legislative Assembly